# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം. **5653**

02.07.2014 - ൽ മറുപടിയ്ക്ക്

## ഔഷധിയുടെ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ അച്ചുതൻ<br>ശ്രീ. പി.സി. വിഷ്ണുനാഥ്<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. ഹൈബി ഈഡൻ | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ഔഷധിയുടെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ; | (എ) ആയുർവേദ ഔഷധങ്ങളുടെ ഉൽപ്പാദനവും വിതരണവും നടത്തുന്ന കേരള സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥാപനമാണ് ഔഷധി. ഔഷധി ഉൽപ്പാദിപ്പിക്കുന്ന മരുന്നുകളാണ് കേരളത്തിലെ മുഴുവൻ ആയുർവ്വേദ ഡിസ്പെൻസറികളിലൂടെയും സൗജന്യമായി സർക്കാർ വിതരണം ചെയ്യുന്നത്. കൂടാതെ, അംഗീകൃത ഏജൻസികളിലൂടെ കേരളത്തിനകത്തും മറ്റു സംസ്ഥാനങ്ങളിലുമുള്ള പൊതുജനങ്ങൾക്കും ന്യായമായ വിലയിൽ മരുന്നുകൾ എത്തിക്കുന്നുണ്ട്. മറ്റു സംസ്ഥാനങ്ങളിലെ സർക്കാർ ആയുർവ്വേദ സ്ഥാപനങ്ങൾക്കും ഔഷധിയിൽ നിന്നും മരുന്നുകൾ വിതരണം ചെയ്യുന്നുണ്ട്. |
| (ബി) ഔഷധിയെ സെന്റർ ഓഫ് എക്സലൻഡ് ഫോർ ആയുർവേദിക്ക് ഫാർമസ്യൂട്ടിക്കൽസ് ആക്കുന്നതിന് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) കേന്ദ്ര സർക്കാരിൽ നിന്നുള്ള സാമ്പത്തിക സഹായത്തോടെ 20 കോടി രൂപാ ചെലവിൽ ആസവാരിഷ്ടങ്ങളുടെ ഉൽപ്പാദനത്തിനായി സെന്റർ ഓഫ് |

എക്സലൻസ് ഫോർ ആയുർവേദിക്ക് ഫാർമസ്യൂട്ടിക്കൽസ് പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്.

(സി) ഗുണമേന്മയുള്ള ആയുർവേദ ഔഷധങ്ങൾ ജനങ്ങളിലെത്തിക്കുന്നതിനും ഗവേഷണം, ക്വാളിറ്റി കൺട്രോൾ എന്നിവയ്ക്കും എന്തെല്ലാം സജ്ജീകരണങ്ങളാണ് ഔഷധിയുടെ പ്രവർത്തനത്തിൽ ഒരുക്കിയിട്ടുള്ളത് ; വിശദമാക്കുമോ ;

(സി) ഗവേഷണം, ക്വാളിറ്റി കൺട്രോൾ എന്നിവയ്ക്കുമാത്രമായി കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ 2 കോടി മുതൽമുടക്കിൽ അത്യാധുനിക സൗകര്യങ്ങളോടെയുള്ള റിസർച്ച് ആന്റ് ഡവലപ്പ്മെന്റ് (ആർ &ഡി) വിഭാഗം ഔഷധിയിൽ പ്രവർത്തിക്കുന്നുണ്ട്. ഔഷധിയുടെ ഗവേഷണ ഗുണനിലവാര ലാബിന് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. കൂടാതെ ISO- GMP സർട്ടിഫിക്കേഷന്റെ നിബന്ധനകളനുസരിച്ചുള്ള ഉന്നത ഗുണ നിലവാരം പുലർത്തുന്ന ഉൽപ്പാദനമാണ് ഔഷധിയുടേത്.

(ഡി) ഇതിനായി എന്തു ധനസഹായമാണ് ഔഷധിയ്ക്ക് നൽകിയിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ?

(ഡി) സെന്റർ ഓഫ് എക്സലൻസ് ഫോർ ആയുർവേദിക്ക് ഫാർമസ്യൂട്ടിക്കൽസിന്റെ നിർമ്മാണത്തിനായി 5 കോടി രൂപയും അത്യാധുനിക സൗകര്യങ്ങളോടെയുള്ള റിസർച്ച് ആന്റ് ഡവലപ്പ്മെന്റ് (ആർ &ഡി)-ന്റെ നിർമ്മാണത്തിനായി 2 കോടി രൂപയും കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ